ശ്രീ. കെ.സി. വാമദേവൻ: ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് പരിസരപ്രദേശത്ത് മെഡിക്കൽ ആശുപത്രി സ്ഥാപിക്കുന്ന പദ്ധതി എതുവരെയായി; എന്നേക്ക് അതിന്റെ പണി ആരംഭിക്കുവാൻ കഴിയുമെന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: അതിനുവേണ്ട സ്ഥലം അക്വയർ ചെയ്യുന്ന നടപടി പൂർത്തിയായി. ഈ മാസംതന്നെ അതിന്റെ പണം കൊടുത്ത് ഏറെറടുക്കുവാൻ പോവുകയാണ്. 250 ബെഡ്ഡുകളുള്ള ഒരു ബ്ലോക്കിന്റെ പണി (Obstetrics, Gynaecology) ഏപ്രിൽമാസത്തിൽ ആരംഭിക്കുന്നതാണ്.

(ചോദ്യം 547 ചോദിച്ചില്ല)

ആൾ കേരളാ ഡി.ഫാം സ്റ്റുഡൻറ്സ് അസോസിയേഷന്റെ മെമ്മോറാണ്ടം

* 510 [548] ശ്രീ. ചടയൻ ഗോവിന്ദൻ:

,, പി.ആർ. ശിവൻ:

,, ടി.കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആൾ കേരളാ അൺ എംപ്ലോയ്ഡ് ഡി. ഫാം ഹോൾഡേഴ്സ് അസോസിയേഷനും, ആൾ കേരളാ ഡി.ഫാം സ്റ്റുഡൻറ്സ് അസോസിയേഷനും ചേർന്ന് ഗവൺമെൻറിന് വല്ല മെമ്മോറാണ്ടവും നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെയാണ് അവരുടെ പ്രധാന ആവശ്യങ്ങൾ;

(സി) ഈ ആവശ്യങ്ങൾ അംഗീകരിക്കുന്ന കാര്യത്തിൽ ഗവൺമെൻറിന്റെ നിലപാട് എന്തെന്ന് വ്യക്തമാക്കുമോ?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ.പി. പ്രഭാകരൻ):

(എ) ആൾ കേരളാ അൺ എംപ്ലോയീസ് ഡി. ഫാം ഹോൾഡേഴ്സ് അസോസിയേഷനിൽനിന്നും ആൾ കേരളാ ഡി. ഫാം സ്റ്റുഡൻറ്സ് അസോസിയേഷനിൽനിന്നും വെവ്വേറെ മെമ്മോറാണ്ടങ്ങൾ കിട്ടിയിട്ടുണ്ട്.

(ബി, സി) അനുബന്ധമായി ചേർത്തിട്ടുണ്ട്. *

ശ്രീ. ടി.കെ. അബ്ദു: ഓരോ മെമ്മോറാണ്ടത്തിലും അവർ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ ഗവൺമെൻറ് അംഗീകരിച്ച് കൊടുത്താൽ, ഗവൺമെൻറിന് എന്തുമാത്രം സാമ്പത്തികഭാരം ഉണ്ടാകുമെന്നു വ്യക്തമാക്കാമോ?

ശ്രീ. കെ.പി. പ്രഭാകരൻ: അങ്ങനെ മുഴുവൻ സാമ്പത്തിക ബാധ്യതയെക്കുറിച്ച് കണക്ക് കൂട്ടിയിട്ടില്ല.

ശ്രീ. എസ്. തങ്കപ്പൻപിള്ള: സാമ്പത്തികഭാരം ഇല്ലാത്ത കാര്യങ്ങൾ നേടിക്കൊടുക്കുവാൻ ഗവൺമെൻറ് സത്വരനടപടി എടുക്കുമോ?

*അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. പ്രഭാകരൻ: അത് വേണമെങ്കിൽ ഞാൻ വായിക്കാം. സാമ്പത്തിക ബാദ്ധ്യതയുള്ളതും സാമ്പത്തിക ബാദ്ധ്യത ഇല്ലാത്തതും തൽക്കാലം സ്റ്റാഫ് പാറ്റേൺ അനുസരിച്ച് സാധിക്കുകയില്ല. അനുബന്ധം വിശദമായി കൊടുത്തിട്ടുണ്ട്.

ചികിൽസാ സമ്പ്രദായം പരിഷ്ക്കരിക്കാൻ നടപടി

* 511. [549] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കുഷ്ഠരോഗാസ്പത്രികളും, അവയിലെ രോഗികളുടെ ചികിൽസാരീതികളും പരിഷ്കരിക്കുവാൻ നടപടികളെടുക്കാമോ?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ.പി. പ്രഭാകരൻ): ഇൻഡ്യാ ഗവൺമെൻറ് അംഗീകരിച്ച മാതൃകയിലുള്ള ചികിൽസയാണ് ഇപ്പോൾ കേരളത്തിലെ കുഷ്ഠരോഗാശുപത്രികളിലെ രോഗികൾക്ക് നൽകുന്നത്. ഈ ചികിൽസാരീതി പരിഷ്കരിക്കുവാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല. കുഷ്ഠരോഗാശുപത്രികളിൽ മിനിതിയേറ്ററുകൾ പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മറ്റു പരിഷ്കാരങ്ങൾ ധനലഭ്യതയനുസരിച്ച് ഏറ്റെടുക്കുന്നതാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ: അയൽ സംസ്ഥാനങ്ങളിൽനിന്നും വിശേഷിച്ചും തമിഴ്നാട്ടിൽനിന്നും ധാരാളം കുഷ്ഠരോഗികൾ നമ്മുടെ സംസ്ഥാനത്ത് വരുന്നതായ വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പ്രവേശനം തടയുവാൻ അടിയന്തിര നടപടി എടുക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: അയൽ സംസ്ഥാനങ്ങളിൽനിന്നു പലരും വരുന്നുണ്ടെന്നറിയാം. അതു തടയാനുദ്ദേശിക്കുന്നില്ല. അവരും ഇൻഡ്യയിലെ പൗരൻമാരാണ്.

ശ്രീ. പി.ജെ. ജോസഫ്: ചികിൽസാ സൗകര്യം ഇല്ലാത്ത വളരെയേറെ കുഷ്ഠരോഗികൾ നമ്മുടെ സംസ്ഥാനത്തുണ്ടെന്നുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എറണാകുളം പോലുള്ള പട്ടണങ്ങളിൽ നൂറുകണക്കിന് കുഷ്ഠരോഗികൾ അലഞ്ഞുതിരിയുന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കെ.പി. പ്രഭാകരൻ: എറണാകുളത്തെകാര്യം പ്രത്യേകമായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടില്ല. പലയിടത്തും ഇവർ അലഞ്ഞുതിരിയുന്നുണ്ടെന്നുള്ള വിവരം അറിയാം. ഇപ്പോഴുള്ള മൂന്നു കുഷ്ഠരോഗാശുപത്രികൾ ഗവൺമെൻറ് നേരിട്ട് നടത്തുന്നതാണ്. അവിടെ മൂന്നിടത്തും ഇവർക്ക് വേണ്ടുന്ന ചികിൽസ നൽകുന്നുണ്ട്. അതിനും പുറമേ എസ്.ഇ.ടി. സെൻറർഫോസ് പല ആസ്പത്രികളോടും അനുബന്ധമായി പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: നൂറനാട്, കൊരട്ടി മുതലായ കുഷ്ഠരോഗാശുപത്രികളിൽ പത്തിരുപത് വർഷക്കാലം ചികിൽസിച്ചതിനുശേഷം ഭേദമായി പുറത്തേക്ക് പോകാമെന്നു പറയുന്ന രോഗികൾക്ക് ഒരു സെറ്റിൽമെൻറ് സ്കീം ഗവൺമെൻറിൽനിന്നും അനുഭവിച്ചത് ആലപ്പുഴജില്ലയിൽ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. സെറ്റിൽമെൻറ് സ്കീം വികസിപ്പിക്കാത്ത പുതിയ രോഗികളെ പ്രവേശിപ്പിക്കുവാൻ സ്ഥലം

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

19.3.1979-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 510 (548) കാണുക.

1. ഡി. ഫാം കോഴ്സിന്റെ പ്രവേശനത്തിനുള്ള ഏറ്റവും കുറഞ്ഞ യോഗ്യത പ്രീ-ഡിഗ്രി യായി നിജപ്പെടുത്തുക.

2. പരിശീലന സമയമായ 3 മാസത്തേയ്ക്കെങ്കിലും 200 രൂപയിൽ കുറയാത്ത പ്രതിമാസ സ്റ്റൈപ്പന്റ് പുനഃസ്ഥാപിക്കുക.

3. കേരളത്തിലുള്ള നാലു മെഡിക്കൽ കോളേജുകളിലെങ്കിലും ഹോസ്പിറ്റൽ ഫാർമസി എത്രയും വേഗം നടപ്പിലാക്കുക.

4. ഫാർമസിയിൽ ഡിപ്ലോമായോ ഡിഗ്രിയോ ഉള്ളവരെ മാത്രമേ ഔഷധനിർമ്മാണശാലകളിൽ നിയമിക്കാവൂ. അനതിവിദൂരഭാവിയിൽ ആലപ്പുഴ കെ.എസ്.ഡി.പി. യിൽ ആരംഭിക്കുന്ന വിറ്റാമിൻ 'എ' കോംപ്ലക്സിൽ ഡിപ്ലോമാധാരികളെ മുൻഗണനകൊടുത്തു നിയമിക്കുക.

5. ഫാർമസിസ്റ്റുകളില്ലാത്ത മറ്റാരേയും ആശുപത്രികളിൽ മരുന്നുകൾ കൊടുക്കാൻ അനുവദിക്കരുത്. ഈ പ്രശ്നത്തിന്റെ ശരിയായ പരിഹാരത്തിന് വാർഡ് ഫാർമസിസ്റ്റുകളെ നിയമിക്കുക.

6. ആലപ്പുഴ, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലെ ഡി.ഫാം കോഴ്സിന് അംഗീകാരം നേടുക.

7. ഡി.ഫാം കോഴ്സിന് ഡി. ഫാം പാസ്സായവർക്ക് സീറ്റ് സംവരണം ചെയ്യുക.

8. ഇപ്പോഴുള്ള സർട്ടിഫിക്കറ്റ് ഹോംഡേഴ്സിന് യാതൊരു കാരണവശാലും കൺഡൻസ്ഡ് ഡി. ഫാം കോഴ്സ് അനുവദിക്കരുത്.

9. ഫാർമസിസ്റ്റുകൾക്ക് ഗ്രേഡും പ്രമോഷൻ സാദ്ധ്യതകളും വർദ്ധിപ്പിക്കുക.

1. ഈ ആവശ്യം അംഗീകരിച്ചാൽ ഇപ്പോഴത്തെ കോഴിക്കോട് മെഡിക്കൽ കോളേജിൽ നടത്തുന്ന രണ്ടുവർഷ ഡി. ഫാം കോഴ്സ് നിർത്തേണ്ടി വരുമെന്നുള്ളതുകൊണ്ട് ഇപ്പോഴത്തെ പരിഗണിക്കാൻ കഴിയുന്നതല്ല.

2. സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല.

3. എല്ലാ മെഡിക്കൽ കോളേജുകളിലും അതിനുള്ള സാദ്ധ്യതയെപ്പറ്റി ആലോചിക്കുന്നതാണ്.

4. ഔഷധ നിർമ്മാണശാലകളിൽ നിയമനം നടത്തുന്നത് സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ അനുസരിച്ചായതുകൊണ്ട് പ്രത്യേക പരിഗണന നൽകാൻ നിർവ്വാഹമില്ല.

5. സാധാരണയായി ഫാർമസിസ്റ്റുകളാണ് ഇക്കാര്യം ചെയ്യുന്നത്. ചില പ്രത്യേക പരിതസ്ഥിതികളിൽ ഇതിൽനിന്നും വ്യതിചലിക്കേണ്ടതായി വരാനിടയുണ്ട്.

6. അംഗീകാരം നേടിക്കഴിഞ്ഞിട്ടുണ്ട്.

7. 20% സീറ്റ് ഇപ്പോഴത്തന്നെ ഡി. ഫാംകാർക്കായി സംവരണം ചെയ്തിട്ടുണ്ട്.

8. ഈ ആവശ്യം സ്വീകാര്യമല്ല.

9. ഇപ്പോഴത്തെ പേ റിവിഷൻ ഉത്തരവിൽ ഇതിനുള്ള വ്യവസ്ഥയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly